ആവേശപ്പൊടിപൂരം

യു.പി വിഭാഗം നാടോടിനൃത്തത്തിൽ ഒന്നാം സ്ഥാനം നേടിയ വഴുതക്കാട് ഗവ. കോട്ടൺഹിൽ ജി.എച്ച്.എസ്.എസിലെ അശ്വിനി.എസ്

ഹൈസ്കൂൾ വിഭാഗം കഥകളിയിൽ ഒന്നാം സ്ഥാനം നേടിയ ആനാട് എസ്. എൻ. വി. എച്ച്. എസ്. എസിലെ ദേവികാ ജി. നായർ

ആറ്റിങ്ങൽ: നാടോടിനൃത്തം, സംഘനൃത്തം, മാർഗംകളി, പരിചമുട്ട്, പൂരക്കളി, മൈം, നാടകം, വട്ടപ്പാട്ട്, ഒപ്പന, ലളിതഗാനം, സംഘഗാനം, കഥാപ്രസംഗം, കഥകളി, ദേശഭക്തിഗാനം എന്നിങ്ങനെ എല്ലാ വേദികളിലും വ്യത്യസ്തമായ ഇനങ്ങൾ. ഒന്നിനൊന്ന് വാശിയേറിയ മത്സരം. പ്രോത്സാഹനവുമായി സദസ് നിറയെ കാണികൾ. പോയിന്റ് പട്ടികയിൽ നിർണായകമായേക്കാവുന്ന മത്സരഫലങ്ങൾ പുറത്തുവന്ന മൂന്നാം ദിനം കലോത്സവ വേദി സജീവം.

കലോത്സവ നഗരിയിലും സദസുകളിലും ഏറ്റവുമധികം കാഴ്ചക്കാരെത്തിയ ദിവസം കൂടിയായിരുന്നു ഇന്നലെ. പ്രധാന മത്സരയിനങ്ങൾ നടന്ന ആറ്റിങ്ങൽ ഗേൾസ് ഹൈസ്കൂളിലെയും ഡയറ്റിലെയും ടൗൺ ഹാളിലെയും വേദികൾ രാവിലെ തന്നെ കാണികളെക്കൊണ്ട് നിറഞ്ഞു. ഒരു മണിക്കൂർ വൈകി പത്തുമണിക്കു ശേഷമാണ് എല്ലാ വേദികളിലും മത്സരങ്ങൾ തുടങ്ങിയത്. മത്സരാർത്ഥികളും ടീമുകളും സ്റ്റേജിൽ റിപ്പോർട്ട് ചെയ്യാൻ വൈകുന്നതാണ് കാരണമായി സംഘാടകർ പറയുന്നത്.

ഗ്രൂപ്പ് ഇനങ്ങൾ അരങ്ങിലെത്തിയതോടെ തങ്ങളുടെ സ്കൂളുകളെ പ്രോത്സാഹിപ്പിക്കാൻ കുട്ടികൾ കൂട്ടമായി വേദികളിലെത്തി. മാർഗംകളി, സംഘനൃത്തം, ഒപ്പന, മൈം, അറബനമുട്ട്, പരിചമുട്ട്, കോൽക്കളി, സംഘഗാനം മത്സരങ്ങൾക്ക് സദസിന്റെ കൈയടിയും പ്രോത്സാഹനവും വലിയ തോതിൽ ലഭിച്ചു. ഹൈസ്കൂൾ വിഭാഗം നാടകമത്സരം കാണാൻ ഒട്ടേറെ നാടകപ്രവർത്തകരും കലാകാരന്മാരും എത്തിയത് ആറ്റിങ്ങലിന്റെ നാടകപ്രവർത്തന പാരമ്പര്യത്തിന്റെ നല്ല കാഴ്ചയായി മാറി. മത്സരാർത്ഥികളും കാണികളും ഏറിയതോടെ ഭക്ഷണശാലയിലും ആദ്യ രണ്ടുദിനങ്ങളെ അപേക്ഷിച്ച് ഇന്നലെ തിരക്ക് കൂടുതലായിരുന്നു. പതിനൊന്നു മണി കഴിഞ്ഞതോടെ ഉച്ചഭക്ഷണം കൊടുത്തുതുടങ്ങി. എന്നാൽ രണ്ടുമണി കഴിഞ്ഞിട്ടും ഭക്ഷണം കഴിക്കാനുള്ളവരുടെ ക്യൂ റോഡ് വരെ നീണ്ടു.

പരാതികൾ ഒട്ടേറെ

ആദ്യ രണ്ടു ദിവസങ്ങളിലേതു പോലെ വിരസമായില്ലെങ്കിലും ചില വേദികളിൽ മത്സരങ്ങൾക്കിടയിലെ ഇടവേളകൾ കാണികളെ അക്ഷമരാക്കി. പ്രധാന മത്സരങ്ങളുടെ ഫലത്തെച്ചൊല്ലി രക്ഷിതാക്കളും വിധികർത്താക്കളും പരിശീലകരും തമ്മിലുള്ള തർക്കം മൂന്നാംദിവസവും കലോത്സവ വേദിക്ക് കളങ്കമായി. തർക്കം പരസ്യപ്രതിഷേധമായി പുറത്തുവന്നില്ലെങ്കിലും നാടോടിനൃത്തം, സംഘനൃത്തം, മാർഗംകളി, നാടകം തുടങ്ങിയ മത്സരങ്ങളിലെല്ലാം ഒത്തുകളിയുണ്ടെന്ന ആരോപണവുമായി രക്ഷിതാക്കളും ചില സ്കൂളുകളും മുന്നോട്ടുവന്നു.

ഹൈസ്കൂൾ വിഭാഗം നാടോടിനൃത്ത മത്സരം നടക്കുമ്പോൾ തന്നെ വിജയിയെ പ്രഖ്യാപിച്ച് ഒരു രക്ഷിതാവ് മുന്നോട്ടുവന്നതും കശപിശയ്ക്കിടയാക്കി. രചനാ മത്സരങ്ങളിലെ മൂല്യനിർണയം ഫലപ്രദമല്ലെന്ന ആരോപണവുമുണ്ട്. പ്രോഗ്രാം കമ്മിറ്റി നിശ്ചയിച്ച വിധികർത്താക്കൾക്കെതിരെ നേരത്തേ പരാതി ഉയർന്നതിനെ തുടർന്ന് ഡി.പി.ഐ ഇടപെട്ട് ചില തിരുത്തലുകൾ വരുത്തി. എന്നിട്ടും പരാതികൾ ഉയരുന്നത് ഗൗരവമായി കാണണമെന്നാണ് രക്ഷാകർത്താക്കളുടെ അഭിപ്രായം. മൈം, നാടക മത്സരങ്ങൾ നടന്ന വേദികളിൽ മൈക്കിന്റെ പ്രവർത്തനം നേരെയല്ലെന്ന പരാതിയുമായി മത്സരാർത്ഥികൾ രംഗത്തെത്തി. പല വേദികളിലും സി.ഡി പ്ലേയർ പണിമുടക്കിയതും മത്സരാർത്ഥികളിൽ ആശങ്കയുണ്ടാക്കി. ഇന്നലെ ഉച്ചഭക്ഷണത്തിനുശേഷം ഏഴാം വേദിയിൽ നടക്കേണ്ട മത്സരങ്ങൾ വേദി പതിനൊന്നിലേക്കും, പതിനൊന്നാം വേദിയിലെ മത്സരങ്ങൾ തിരിച്ചും മാറ്റിയെന്ന പെട്ടെന്നുള്ള അറിയിപ്പും മത്സരാർത്ഥികളെ വലച്ചു. വേദി പതിനൊന്നിൽ എച്ച്.എസ് ചിത്രീകരണ മത്സരത്തിന് സ്ഥലം അപര്യാപ്തമാണെന്ന കാരണത്താലാണ് വേദി മാറ്റേണ്ടി വന്നത്. നാടോടിനൃത്തം, സംഘനൃത്തം, ഒപ്പന, അറബനമുട്ട്, കോൽക്കളി തുടങ്ങിയ ഇനങ്ങളിൽ ഒരേ പിന്നണിപ്പാട്ടു തന്നെ പല ടീമുകളും ആവർത്തിച്ചത് സദസിനെ വിരസമാക്കി. നാടോടിനൃത്ത ഫലപ്രഖ്യാപന വേളയിൽ വിധികർത്താവ് തന്നെ ഇക്കാര്യം സൂചിപ്പിച്ചു. നാടോടിനൃത്തത്തിൽ എട്ടു കുട്ടികളാണ് ഒരേ പാട്ടിന് ചുവടുവച്ചത്.

രണ്ടാം വേദിയിൽ ഹയർ സെക്കൻഡറി പരിചമുട്ട് മത്സരത്തിന്റെ ഫലപ്രഖ്യാപനത്തെ ചോദ്യംചെയ്ത് മത്സരാർത്ഥികൾ എത്തിയത് വാക്കേറ്റത്തിനും അടിപിടിക്കും ഇടയാക്കി.

പൊലീസ് ഇടപെട്ടാണ് മത്സരാർത്ഥികളെ മാറ്റിയത്.

വേദി ഒന്നിലെ ഹയർ സെക്കൻഡറി വിഭാഗം സംഘനൃത്ത മത്സരം പാതിരാത്രി വരെ നീണ്ടു. മൂന്നാംദിനം ഏറ്റവുമൊടുവിൽ അരങ്ങേറിയ മത്സരയിനവും ഇതുതന്നെ.

ഇന്ന് ഉച്ചയോടെ മത്സരങ്ങൾ പൂർത്തിയാകും. വേദി മൂന്നിൽ നടക്കുന്ന ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗം മിമിക്രിയാണ് അവസാന ദിവസത്തെ പ്രധാന മത്സരം.

കാർട്ടൂൺ മത്സരത്തിൽ അട്ടിമറി ആരോപണം

ആറ്റിങ്ങൽ: റവന്യൂ ജില്ലാ കലോത്സവത്തിൽ രചനാമത്സരങ്ങളിൽ അട്ടിമറി ആരോപണം. ഹൈസ്കൂൾ വിഭാഗം കാർട്ടൂൺ മത്സരത്തിൽ കഴിഞ്ഞ വർഷം ഉപജില്ല മുതൽ സംസ്ഥാനതലം വരെ അപ്പീലില്ലാതെ ഒന്നാം സ്ഥാനം നേടിയ ഹോളി ഏഞ്ചൽസ് സ്കൂളിലെ വിദ്യാർത്ഥി സേറ മറിയം ബിന്നിക്ക് ഇത്തവണ മത്സരത്തിൽ പൂജ്യം ഗ്രേഡാണ് നൽകിയിരിക്കുന്നത്. പൂജ്യം ഗ്രേഡ് കിട്ടുന്നവർക്ക് അപ്പീൽ നൽകാനും കഴിയില്ല. കാർട്ടൂണുകൾ പുനർമൂല്യനിർണയം നടത്തണമെന്നാവശ്യപ്പെട്ട് സേറ ഡി.പി.ഐക്ക് പരാതി നൽകി.

17 പേർ മത്സരിച്ചതിൽ രണ്ടുപേർക്ക് മാത്രമാണ് എ ഗ്രേഡ് ലഭിച്ചത്. പങ്കെടുത്തവരിൽ സേറയുൾപ്പെടെ 11 പേരുടെ ഫലം ഇനിയും ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ല. ഇതിൽ അഞ്ചുപേർ അപ്പീലിലൂടെ മത്സരത്തിനെത്തിയവരാണ്. അപ്പീൽ വഴി വരുന്നവരുടെയൊഴികെ ഫലം നിർബന്ധമായും ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് നിബന്ധനയുള്ളപ്പോഴാണ് ആറുപേരുടെ ഫലം ഔദ്യോഗിക ലിസ്റ്റിൽനിന്ന് ഒഴിവാക്കിയിരിക്കുന്നത്.

പലപ്പോഴും രചനാമത്സരം കഴിഞ്ഞ് മത്സരാർത്ഥികൾ വേദി വിട്ടുപോയി ഒന്നോ രണ്ടോ ദിവസങ്ങൾ കഴിഞ്ഞാകും മത്സരഫലം പുറത്തുവരിക. അതുകൊണ്ടുതന്നെ ഇതു സംബന്ധിച്ച പരാതികൾ മിക്കപ്പോഴും പുറത്തുവരാറില്ല.

അപ്പീലുകൾ അവസാനിക്കുന്നില്ല

ആറ്റിങ്ങൽ: സബ് ജില്ലകൾക്ക് പുറമേ ലോകായുക്തയിൽ നിന്നുകൂടി അപ്പീലുകളുമായി മത്സരാർത്ഥികൾ എത്തിയതോടെ മത്സരങ്ങൾ അനന്തമായി നീളുന്നു. ഇന്നലെ മാത്രം 63 അപ്പീലുകളാണ് ഇത്തരത്തിൽ എത്തിയത്. നാലെണ്ണം ലോകായുക്തയിൽ നിന്നെത്തി. ഇതോടെ ആകെ അനുവദിച്ച അപ്പീലുകൾ 123 ആയി. നൃത്തയിനങ്ങളിലാണ് അപ്പീലുകളധികവും. എച്ച്.എസ്.എസ് വിഭാഗത്തിൽ മാത്രം 70 അപ്പീലുകളാണ് അനുവദിച്ചത്. യു.പിയിൽ 16, എച്ച്.എസിൽ 31, യു.പി സംസ്കൃതോത്സവത്തിൽ ഒന്നും ഹൈസ്കൂൾ വിഭാഗത്തിൽ നാലും അപ്പീലുകൾ എത്തി. അറബിക് കലോത്സവത്തിൽ യു.പിക്ക് ഒരു അപ്പീലാണ് എത്തിയത്. ഇന്നലെ വൈകിട്ടുവരെയുള്ള കണക്കാണിത്. അപ്പീലുകൾ ഈ വിധം തുടരുകയാണെങ്കിൽ ഇന്നലെ വൈകിത്തുടങ്ങിയ മത്സരങ്ങൾ ഇന്നും തുടരും. അതേസമയം സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാനായി 210 പേർ ഹയർ അപ്പീൽ നല്കി. ഇന്നലെ 110 പേരാണ് അപ്പീൽ നല്കിയത്. നൃത്ത ഇനങ്ങൾക്കാണ് കൂടുതൽ അപ്പീലുകൾ. ഇതുവഴിയുള്ള വരുമാനം നാല് ലക്ഷം കഴിഞ്ഞു.

എച്ച്.എസ്.എസ് വിഭാഗം പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ എന്നിവയിൽ ഒന്നാം സ്ഥാനം ലഭിച്ച അഭിഷേക് ഷാജി. (ആർ.ആർ.വി. എച്ച്. എസ്.എസ്. കിളിമാനൂർ.)

എച്ച്.എസ് വിഭാഗം ഖുറാൻ പാരായണത്തിൽ ഒന്നാം സ്ഥാനം ലഭിച്ച അബ്ദുറഹ്മാൻ (എച്ച്.എസ്.എസ്, വെഞ്ഞാറമൂട്)

യു. പി കഥാപ്രസംഗത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ആർ. എൽ. ആരഭി (എ. എം. എൽ. എഫ് എച്ച്. എസ്.എസ് ഇടവ)

ഒറ്റക്കൈയിൽ മാർഗംകളി

എൻ.പി. മുരളീകൃഷ്ണൻ

ആതിര മാർഗംകളി വേദിയിൽ

ആറ്റിങ്ങൽ: വൈകല്യങ്ങളെ പൊരുതിത്തോല്പിച്ച ആതിര ജില്ലാ കലോത്സവ നൃത്തവേദിയിലെ സ്ഥിരം സാന്നിദ്ധ്യമാണ്. അഞ്ചു വർഷത്തിനിടെ ആതിരയില്ലാത്ത ഒരു സ്കൂൾ കലോത്സവവും ജില്ലയിലുണ്ടായിട്ടില്ല.

ജന്മനാ ഇടതുകൈയില്ലാത്ത ആതിര നൃത്തം സപര്യയാക്കി വൈകല്യത്തെ മറികടന്നാണ് കാഴ്ചക്കാരിൽ അദ്ഭുതമായി മാറിയത്. ഇത്തവണ ഹയർ സെക്കൻഡറി വിഭാഗം മാർഗംകളിയിലാണ് ആതിര മത്സരിച്ചത്. അരുവിക്കര ഗവ. എച്ച്.എസ്.എസിലെ പ്ലസ് വൺ ബയോളജി വിദ്യാർത്ഥിനിയാണ്. മോഹിനിയാട്ടം, കുച്ചുപ്പുടി, നാടോടിനൃത്തം എന്നിവയിലാണ് മുൻ വർഷങ്ങളിൽ ആതിര മത്സരിച്ചത്. ഇത്തവണ മറ്റു നൃത്ത ഇനങ്ങളിൽ മത്സരിച്ചില്ല. സിനിമയിൽ അരങ്ങേറാനുള്ള ഒരുക്കത്തിലാണ് ആതിര. ഇതിനായുള്ള റിഹേഴ്സലിന്റെയും മറ്റും തിരക്കുള്ളതുകൊണ്ട് ഇത്തവണ ഉപജില്ലാ തലത്തിൽ മത്സരിച്ചില്ല.

വൈകല്യം മറികടന്ന് നർത്തകിയാകണമെന്ന ആഗ്രഹമാണ് ആതിരയെ കലോത്സവ വേദികളിൽ എത്തിച്ചത്. പലതരം അവഗണനകൾ നേരിടേണ്ടി വന്നിട്ടുണ്ട്. കൈകൾ കൊണ്ട് മുദ്രകൾ അവതരിപ്പിക്കാൻ കഴിയുന്നില്ലെന്ന സാങ്കേതിക കാരണം പറഞ്ഞ് പലതവണ ഉപജില്ലാ മത്സരങ്ങളിൽ തന്നെ ആതിരയെ അയോഗ്യയാക്കി. എങ്കിലും മറ്റു മത്സരാർത്ഥികളെ അദ്ഭുതപ്പെടുത്തി ആതിര മത്സരിച്ചു കയറി. ലോകായുക്തയുടെ വിധിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം നാടോടിനൃത്തത്തിൽ സംസ്ഥാനതലം വരെ മത്സരിച്ചു. എ ഗ്രേഡോടെ മൂന്നാം സ്ഥാനം സ്വന്തമാക്കിയ ആതിരയുടെ കഴിവ് കേരളം മുഴുവനും ശ്രദ്ധിക്കപ്പെട്ടു. ഇത്തവണ മാർഗംകളിയിൽ ടീം വിജയിച്ചില്ലെങ്കിലും മികച്ച പ്രകടനത്തോടെ എ ഗ്രേഡ് നേടാനായതിന്റെ സന്തോഷത്തിലാണ് ആതിരയും കൂട്ടുകാരും.

ആയുർവേദ ഡയറക്ടറേറ്റിലെ ജീവനക്കാരിയായ അമ്മ ലേഖയാണ് ആതിരയുടെ പിൻബലം. എട്ടുവർഷമായി ശാസ്ത്രീയമായി നൃത്തം അഭ്യസിക്കുന്നു. വെള്ളനാട് ശ്രീലക്ഷ്മിയിൽ ബിന്ദു രാജേഷിന്റെ കീഴിലാണ് പഠനം. പാശ്ചാത്യനൃത്തവും സിനിമാറ്റിക് ഡാൻസും പരിശീലിക്കുന്നുണ്ട്.

എച്ച്.എസ് മൂദംഗം, സംസ്കൃതം ഗാനാലാപനം എന്നിവയിൽ ഒന്നാം സ്ഥാനം ലഭിച്ച എ. അരുൺ, ന്യൂ എച്ച്.എസ്.എസ്, നെല്ലിമൂട്.

എച്ച്.എസ്.എസ് മാപ്പിളപ്പാട്ട് ഒന്നാം സ്ഥാനം ലഭിച്ച അഷൻ സുൽഫിക്കർ (ഗവ. ബോയിസ് എച്ച്. എസ്.എസ്, ആറ്റിങ്ങൽ)

ഹൈസ്കൂൾ വിഭാഗം മാർഗംകളിയിൽ ഒന്നാം സ്ഥാനം നേടിയ കവടിയാർ നിർമ്മല ഭവൻ എച്ച്. എസ്. എസ് ടീം

പരിചമുട്ടിൽ കോഴയാരോപണം

ആറ്റിങ്ങൽ: സ്കൂൾ കലോത്സവത്തിന്റെ മൂന്നാം ദിവസമായ ഇന്നലെ പരിചമുട്ടിൽ കോഴ ആരോപണങ്ങളുമായി വിദ്യാർത്ഥികളും രക്ഷിതാക്കളും. പരിചമുട്ട് എച്ച്.എസ്.എസ് വിഭാഗത്തിന്റെ ഫലം വന്നപ്പോഴാണ് ബഹളങ്ങളുടെ തുടക്കം.

ആറ്റിങ്ങൽ ഗവ. ബോയിസ് സ്കൂളാണ് കോഴ ആരോപണം ഉന്നയിച്ചത്. ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും നൽകിയത് കോഴ കൊടുത്ത സ്കൂളിനാണെന്ന് അവർ ആരോപിച്ചു.

രണ്ടാം സ്ഥാനം നൽകിയ ടീമിന് ഒന്നാം സ്ഥാനമാണ് നൽകാൻ തീരുമാനിച്ചതെന്നും മത്സരത്തിനിടയിൽ അവരുടെ വാൾ താഴെ വീണതിനാലാണ് രണ്ടാം സ്ഥാനത്തിലേക്ക് മാറ്റിയതെന്നും ഇവർ ആരോപിക്കുന്നു. റവന്യൂ ജില്ലാ കലോത്സവത്തിലും ആറ്റിങ്ങൽ ബോയിസിന് വിധികർത്താക്കൾ ഒന്നാം സ്ഥാനം നൽകിയില്ല.

ഇവർ അപ്പീലിന് പോകാതിരിക്കാൻ മാർക്കും കുറച്ചു. തുടർന്ന് കോടതിയിൽ പോയാണ് ജില്ലയിലേക്കുള്ള അർഹത നേടിയത്.

എച്ച്.എസ് വിഭാഗം സംസ്കൃതം കവിതാരചനയിൽ ഒന്നാം സ്ഥാനം നേടിയ ആദിത്യ എസ്. നായർ (കോട്ടൺഹിൽ ജി.എച്ച്.എസ്.എസ്)

യു.പി സംസ്കൃതം ഗാനാലാപനം ഒന്നാം സ്ഥാനം ചലഞ്ച് നായർ (ജി.യു.പി.എസ്, അയിരൂർ)

യു.പി സിദ്ധരൂപോച്ചാരണം ഒന്നാം സ്ഥാനം ലഭിച്ച ഭാഗ്യലക്ഷ്മി.എൽ. ബി (ജി.യു.പി.എസ്, പാലവിള)

എച്ച്.എസ്.എസ് വിഭാഗം ഉറുദു കവിതാ രചനയിൽ ഒന്നാം സ്ഥാനം ലഭിച്ച ആറ്റിങ്ങൽ ഗവ.ബോയിസ് എച്ച്.എസ്.എസിലെ എം.ആർ. മുഹമ്മദ് മുഹ്സിൻ. എം. ആർ

യു.പി മലയാളം അക്ഷരശ്ലോകം ഒന്നാം സ്ഥാനം നേടിയ കൃഷ്ണവേണി (പി.എസ്. എൻ.എം യു. പി.എസ് വെളിയന്നൂർ)

എച്ച്.എസ് വിഭാഗം ലളിതഗാനത്തിൽ ഒന്നാം സ്ഥാനം നേടിയ ആർ. നിരഞ്ജൻ (ദർശന എച്ച്.എസ്.എസ്, നെടുമങ്ങാട്)

മിന്നും താരങ്ങൾ

എച്ച്.എസ്.എസ് വിഭാഗം
പദ്യം ചൊല്ലൽ: 1. മുഹമ്മദ് ഹാഫിൽ.എസ്.എസ്, എസ്.എൻ.വി.എച്ച്.എസ്.എസ് നെടുങ്ങണ്ട, 2. ആമിന. എച്ച്, കെ.ടി.സി.ടി കടുവയിൽ.
മലയാളം പദ്യംചൊല്ലൽ: 1. അദ്വൈത് ആർ. രാജേഷ്, ഗവ. മോഡൽ ബി.എച്ച്.എസ്.എസ് തൈക്കാട്, 2. ആരോമൽ.ബി.എസ്, ചിന്മയ വഴുതക്കാട്.
ബാൻഡ് മേളം: 1. ഷെഫീന ക്ലീറ്റസ്, ഹോളി ഏഞ്ചൽസ് തിരുവനന്തപുരം, 2. ഗീതിക ഗിരീന്ദ്രൻ, കാർമൽ എച്ച്.എസ് വഴുതക്കാട്.
എച്ച്.എസ് വിഭാഗം
അറബിക് പദ്യം ചൊല്ലൽ: 1. റൈസ സുമയ്യ, കെ.ടി.സി.ടി എച്ച്.എസ്.എസ് കടുവയിൽ, 2. ആഫ ഫാത്തിമ.എൻ.എം, ഗവ. എച്ച്.എസ്.എസ് ഭരതന്നൂർ.
ചെണ്ട: 1. പാർവതി.എസ്.ആർ, ഹോളി ഏഞ്ചൽസ് കോൺവെന്റ് എച്ച്.എസ് തിരുവനന്തപുരം, 2. മന സുരേഷ്, ഗവ. എച്ച്.എസ് അവനവഞ്ചേരി.
സംസ്കൃതം പ്രഭാഷണം: 1. ഗൗരി.സി.വി, ഗവ. ഗേൾസ് എച്ച്.എസ്.എസ് കോട്ടൺഹിൽ, തിരുവനന്തപുരം, 2. അമൃത.എസ്, മുസ്ലിം എച്ച്.എസ്.എസ് കണിയാപുരം.
ഭരതനാട്യം (ആൺ): 1. ഗൗതം.എം, സെന്റ് മേരീസ് എച്ച്.എസ്.എസ് പട്ടം, 2. ജീവൻ ജോയ്, എസ്.എച്ച്.സി.എച്ച്.എസ് അഞ്ചുതെങ്ങ്.
ഉറുദു ഗസൽ ആലാപനം: 1. കൃഷ്ണപ്രിയ, സി.എസ്.ഐ ആറ്റിങ്ങൽ, 2. ശ്രീലക്ഷ്മി, ഗവ. ജി.എച്ച്.എസ്.എസ് നെടുമങ്ങാട്.
മലയാളം പദ്യംചൊല്ലൽ: 1. അവന്തിക.ആർ.എസ്, ജി.എം.എച്ച്.എസ്.എസ് വർക്കല, 2. കാഞ്ചന.എസ്, എൽ.വി.എച്ച്.എസ് പോത്തൻകോട്.
ശാസ്ത്രീയ സംഗീതം: 1. ഹൃദയേഷ് ആർ. കൃഷ്ണൻ, സെന്റ് തോമസ് എച്ച്.എസ്.എസ് മുക്കോലയ്ക്കൽ, 2. അശ്വിൻ.ബി.എസ്, ചിന്മയ വഴുതക്കാട്.
സംസ്കൃതം ഗാനാലാപനം: 1. അർജ്ജുൻ.എ, ന്യൂ എച്ച്.എസ്.എസ് നെല്ലിമൂട്, 2. അശ്വിൻ.ബി.എസ്, ചിന്മയ വഴുതക്കാട്.
സംസ്കൃതം പദ്യംചൊല്ലൽ: 1. കാവ്യ പ്രദീപ്, ജെ.പി.എച്ച്.എസ്.എസ് ഒറ്റശേഖരമംഗലം, 2. അചൽ കൃഷ്ണ, എസ്.കെ.വി.എച്ച്.എസ് നന്ദിയോട്.
സംസ്കൃതം ഗാനമേള: 1. അപർണ കൃഷ്ണൻ.ജി.ആർ, ജെ.പി.എച്ച്.എസ്.എസ് ഒറ്റശേഖരമംഗലം, 2. പൂജ എസ്. കുമാർ, വി.എച്ച്.എസ്.എസ് മുളവന, ആനാകുടി.
ബാൻഡ്മേളം: 1. ഐശ്വര്യ.എ.ഡി, കാർമൽ ഇ.എം. ഗേൾസ് എച്ച്.എസ്.എസ് വഴുതക്കാട്, 2. കൃഷ്ണാ വിനോദ്.എ, ഹോളി ഏഞ്ചൽസ് തിരുവനന്തപുരം.
അറബിക് മോണോ ആക്ട്: 1. ജിഹാന ജാഫർ, ഗവ. ജി.എച്ച്.എസ്.എസ് ആറ്റിങ്ങൽ, 2. ഹലീമത്ത് സാദിയ.ജെ.ജെ, ഗവ. എച്ച്.എസ്.എസ് നാവായിക്കുളം. **സംസ്കൃതം ചമ്പു പ്രഭാഷണം:** 1. അശ്വതി.ആർ.എസ്, ഗവ. വി.എച്ച്.എസ്.എസ് വിതുര, 2. അമൃത.എസ്, മുസ്ലിം ഗേൾസ് എച്ച്.എസ്.എസ് കണിയാപുരം.
യു.പി വിഭാഗം
മോഹിനിയാട്ടം: 1. മേഘ.എസ്.എസ്, സെന്റ് തോമസ് എച്ച്.എസ്.എസ് മുക്കോലയ്ക്കൽ, 2. ആർഷ.എം, ജെംനോ മോഡൽ എച്ച്.എസ്.എസ് മേൽവെട്ടൂർ.
അറബിക് മോണോ ആക്ട്: 1. നൗഫിയ മോൾ, വൈ.എൽ.എം.യു.പി.എസ് കീഴാറ്റിങ്ങൽ, 2. നൗഫിയ, വി.എം.ജെ.യു.പി.എസ് വള്ളക്കടവ്.
കുച്ചിപ്പുടി: 1. ശ്രുദ്ധ ജഗദീഷ്, സി.എസ്.ഐ സ്കൂൾ ആറ്റിങ്ങൽ, 2. അശ്വിനി.എസ്, ഗവ. ജി.എച്ച്.എസ്.എസ് കോട്ടൺഹിൽ, തിരുവനന്തപുരം.
അറബി ഗാനം: 1. ആമ്ന റഹീം, കെ.ടി.സി.ടി കടുവയിൽ, 2. ഹുസ്നഫിൽ ഹാഫിയ, ഗവ. വി.എച്ച്.എസ്.എസ് പാറശാല.
മാപ്പിളപ്പാട്ട്: 1. ആമ്ന റഹീം, കെ.ടി.സി.ടി, കടുവയിൽ, 2. മുബാറക്, സാൽവേഷൻ ആർമി എച്ച്.എസ്.എസ് കവടിയാർ.
ശാസ്ത്രീയ സംഗീതം: 1. ആവണി, ഗവ. യു.പി.എസ് ആലന്തറ, 2. പാർവതി വിഷ്ണു, കെ.ടി.സി.ടി കടുവയിൽ. **സംസ്കൃതം നടനം:** 1. അഹല്ല്യ.എസ്, എം.ജി.യു.പി.എസ് തോട്ടയ്ക്കാട്, 2. അക്ഷയ്.എസ്, ഗവ. യു.പി.എസ് കരകുളം.
എച്ച്.എസ്.എസ് വിഭാഗം
നാടകം: 1. ലക്ഷ്മിപ്രിയ.പി.എസ്, ഗവ. മോഡൽ ഗേൾസ് എച്ച്.എസ്.എസ് പട്ടം, 2. ദേവിക ദിലീപ്, കാർമൽ ഇംഗ്ലീഷ് മീഡിയം ജി.എച്ച്.എസ്.എസ്.
കുച്ചുപ്പുടി (പെൺ): 1. മാളവിക എസ്. ഗോപൻ, സെന്റ് സേവിയേഴ്സ് എച്ച്.എസ്.എസ് പേയാട്, 2. ദിയാ നായർ, നിർമലാഭവൻ ജി.എച്ച്.എസ്.എസ് തിരുവനന്തപുരം.
എച്ച്.എസ് വിഭാഗം
മാർഗംകളി: 1. ശ്രീലക്ഷ്മി.ബി.എച്ച്, നിർമലഭവൻ ജി.എച്ച്.എസ്.എസ് തിരുവനന്തപുരം, 2. മഞ്ജിമാ റാം, കാർമൽ എച്ച്.എസ്.എസ് വഴുതക്കാട്.
കഥകളി സംഗീതം (ആൺ): 1. അർജ്ജുൻ.എ, ന്യൂ എച്ച്.എസ്.എസ് നെല്ലിമൂട്, 2. നിരഞ്ജൻ.ആർ.ഡി, ദർശന എച്ച്.എസ്.എസ് നെടുമങ്ങാട്.
ലളിതഗാനം: 1. നിരഞ്ജൻ.ആർ.ഡി, ദർശന എച്ച്.എസ്.എസ് നെടുമങ്ങാട്, 2. അശ്വിൻ ജി. മോഹൻ, ഡി.വി.എം.എൻ.എൻ.എം എച്ച്.എസ്.എസ് മാറനെല്ലൂർ.
യു.പി വിഭാഗം
ഭരതനാട്യം: 1. അശ്വനി.എസ്, ഗവ. ജി.എച്ച്.എസ്.എസ് കോട്ടൺഹിൽ, തിരുവനന്തപുരം, 2. സ്നേഹ ബിജു, എസ്.എസ്.എം.ഇ.എം.എച്ച്.എസ് മുടപുരം.
ഖുറാൻ പാരായണം: 1. സെയ്ദുദ്ദീൻ.ടി, എം.എം.യു.പി.എസ് പേരൂർ, 2. മുഹമ്മദ് സാബിത്, ഗവ. എച്ച്.എസ്.എസ് തൊളിക്കോട്.
ലളിതഗാനം: 1. ഭാഗ്യ.യു, സെന്റ് ഷാന്തൽ കവടിയാർ, 2. ആവണി.എസ്.എസ്, ഗവ. യു.പി.എസ് ആലന്തറ.
ഹിന്ദി പദ്യംചൊല്ലൽ: 1. ഫൈദ.എ, എം.എം.യു.പി.എസ് പേരൂർ. 2. പ്രതീക്ഷ.പി, സെന്റ് ജോൺസ് യു.പി.എസ് അഞ്ചാമട.
എച്ച.എസ്.എസ് വിഭാഗം
വട്ടപ്പാട്ട് (ആൺ): 1. മാഹീൻ ആൻഡ് പാർട്ടി, സെന്റ് ജോൺസ് എച്ച്.എസ്.എസ് നാലാഞ്ചിറ, 2. ഉല്ലാസ് വിജയൻ.യു, ഗവ. എച്ച്.എസ്.എസ് നെയ്യാറ്റിൻകര, 2. സൽമാൻ.എസ്, കെ.ടി.സി.ടി കടുവയിൽ.
കഥകളി സംഗീതം (പെൺ): 1. ആർച്ച രാജശേഖർ, ഗവ. എച്ച്.എസ്.എസ് നെയ്യാറ്റിൻകര, 2. ലക്ഷ്മി ബാബുരാജ്, ഗവ. എച്ച്.എസ്.എസ് വെഞ്ഞാറമൂട്, 2. വരണ്യ.എം, ഗവ. ജി.എച്ച്.എസ്.എസ് കരമന.
ലളിതഗാനം (ആൺ): 1.സാരംഗ് സുനിൽ, സെന്റ് ജോസഫ് എച്ച്.എസ്.എസ് തിരുവനന്തപുരം, 2. അഭിജിത്.ബി.എസ്, ഗവ. എച്ച്.എസ്.എസ് മൈലച്ചൽ. പരിചമുട്ട് (ആൺ): 1. പ്രയാഗ്.ജി, സി.എസ്.ഐ ആറ്റിങ്ങൽ, 2. റിനാസ്.എൻ, എം.ആർ.എം.കെ.എം.എം.എച്ച്.എസ് ഇടവ.
പ്രസംഗം (ഹിന്ദി): 1. അഭിരാമി.എ.ജി, ഗവ. ജി.എച്ച്.എസ്.എസ് നെയ്യാറ്റിൻകര, 2. രേഷ്മ സലിം, ഗവ. എച്ച്.എസ്.എസ് കുളത്തിൻമേൽ.
എച്ച്.എസ് വിഭാഗം
പ്രസംഗം (ഹിന്ദി): 1. രോഷ്നി സത്താർ.എ, നിർമലഭവൻ തിരുവനന്തപുരം, 2. സുമയ്യ.എസ്, ജി.എച്ച്.എസ്.എസ് കിളിമാനൂർ.
ദേശഭക്തിഗാനം: 1. നന്ദന അജിത്, ഫോർട്ട് ഗേൾസ് എച്ച്.എസ്.എസ് തിരുവനന്തപുരം, 2. നിത്യജ.കെ.ജെ, ഗവ. ജി.എച്ച്.എസ്.എസ് നെയ്യാറ്റിൻകര. **കഥാപ്രസംഗം:** 1. റസിയ സുമയ്യ, കെ.ടി.സി.ടി കടുവയിൽ, 2. ആദിഷ്.എസ്.എസ്, ന്യൂ എച്ച്.എസ്.എസ് നെല്ലിമൂട്.

എച്ച.എസ. എസ് വിഭാഗം ഉർദു ക്വിസിൽ ഒന്നാംസ്ഥാനം ലഭിച്ച എസ്.അഫ്സ (ജി.എച്ച്.എസ്.എസ്, കഴക്കൂട്ടം.

എച്ച്.എസ്. ശാസ്ത്രീയ സംഗീതത്തിൽ ഒന്നാം സ്ഥാനം ലഭിച്ച രേവതി.എസ്.ശർമ്മ (ജി. ജി.എച്ച്.എസ്.എസ് കോട്ടൺഹിൽ, തിരുവനന്തപുരം)

എച്ച്.എസ്.എസ് മലയാളം ഉപന്യാസത്തിന് ഒന്നാം സ്ഥാനം ലഭിച്ച എസ്. ഭരത് (ജി. എച്ച്.എസ്.എസ് നാവായിക്കുളം)